FOREIGN STUDIES—SELECTION OF CANDIDATES

451. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ൧൯൫൭-ൽ സാങ്കേതിക വിദ്യാഭ്യാസത്തിനു വിദേശങ്ങളിലേക്ക് പോകുവാൻ അഥവാ അയക്കുവാൻ എത്ര അപേക്ഷകൾ കിട്ടിട്ടുണ്ട്;

(ബി) ഏതെല്ലാം കോളേജിലും സർവ്വകലാശാലയിലും ഏതേതു തരം സാങ്കേതിക വിദ്യാഭ്യാസത്തിനാണ് ഓരോരുത്തരും അപേക്ഷിച്ചിരുന്നത്;

(സി) ഈ അപേക്ഷകർ ഓരോരുത്തരും ഏതേതു സമുദായത്തിൽപെട്ടവനാണെന്നും അവർ ഓരോരുത്തരുടേയും വിദ്യാഭ്യാസയോഗ്യത, വിശേഷയോഗ്യത, അച്ഛന്റെപേര്, ജാതി മുതലായവ എന്തെല്ലാമാണെന്നു പറയാമോ;

(ഡി) തിരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടുന്ന യോഗ്യതകൾ എന്തെല്ലാം;

(ഇ) തിരഞ്ഞെടുപ്പു നടത്തുന്നതു് ആരാണ്;

(എഫ്) ഈ അപേക്ഷകരിൽ ആരെല്ലാം ഏതേതു കോളേജിലേക്കും സർവ്വകലാശാലയിലേക്കും തിരഞ്ഞെടുക്കപ്പെട്ട (ഓരോരുത്തരുടേയും ജാതി, അച്ഛന്റെ പേരും, ഉദ്യോഗവും, വിദ്യാഭ്യാസയോഗ്യത, വിശേഷയോഗ്യത ഇവകൾ വെവ്വേറെ കാണിക്കണം);

(ജി) കൊച്ചിക്കായി നീക്കിവെച്ചിട്ടുള്ള സീറ്റുകളിൽ ഏതെങ്കിലും സർവ്വകലാശാലയിലേക്കൊ, കോളേജിലേക്കൊ ആളില്ലാതേയൊ പോകാൻ സമ്മതമില്ലാതേയൊ സീറ്റു ഒഴിയായി കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതേതു കോളേജിലും, സർവ്വകലാശാലയിലും എത്ര സീറ്റുകൾവീതം നഷ്ടപ്പെടേണ്ടതായി വന്നിട്ടുണ്ട്?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ:

(എ) ൨൯൫ അപേക്ഷകൾ.

(ബി) ൧. മെഡിക്കൽ കോളേജ്, മദിരാശി ൪൨.
൨. കാർമിക്കേൽ മെഡിക്കൽ കോളേജ്, കൽക്കത്ത ൨൦.
൩. എൻജിനീറിങ്ങ് കോളേജ്, മദിരാശി ൨൪.
൪. ,, തിരുവനന്തപുരം ൨൦.
൫. ,, അണ്ണാമലൈ സർവ്വകലാശാല ൩൦.
൬. കാശി സർവ്വകലാശാല ൨൦.

(സി) അപേക്ഷക്കാരുടെ ഒരു ലിസ്റ്റ് മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ഡി) ൧. മെഡിക്കൽ കോളേജ് മദിരാശി ഇൻഡർമീഡിയറ് പാസ്സ് Physics and കെമിസ്ട്രിയോടുകൂടി.

൨. കാർമിക്കേൽ മെഡിക്കൽ കോളേജ് കൽക്കത്ത ഇൻഡർമീഡിയറ പാസ്സ് ഫിസിക്സും കെമിസ്ട്രിയും വിഷയത്തോടുകൂടി.

൩. കാശി സർവ്വകലാശാല എൻജിനീറിങ്ങ് ഇൻഡർമീഡിയറിൽ ഒന്നാം ക്ലാസ്സിൽ മാത്ത്മാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രിയിൽ ൫൦ ശതമാനം മാർക്കോടുകൂടി പാസ്സായിരിക്കണം. ൨൧ വയസ്സിൽ കൂടുതലായിരിക്കരുതു്.

൪. എൻജിനീറിങ്ങ് കോളേജ് മദിരാശി മാത്ത്മാറ്റിക്സും ഫിസിക്കോടുകൂടി ഇൻഡർമീഡിയറിൽ പാസ്സായിരിക്കണം. ൨൦ വയസ്സിൽ കൂടുതൽ ആയിരിക്കരുതു്.

൫. എൻജിനീറിങ്ങ് കോളേജ് തിരുവനന്തപുരം ഡിയിലെപോലെ പാസ്സായിരിക്കണം. വയസ്സ് ൨൧-ൽ കൂടുതൽ ആയിരിക്കരുതു്.

൬. അണ്ണാമല സർവ്വകലാശാല എൻജിനീറിങ്ങ് ഡിയിലെപോലെ പാസ്സുണ്ടായിരിക്കണം.

(ഇ) ഗവണ്മെണ്ടു്. (കാശിസർവ്വകലാശാലയിലേക്കു് ഇതേവരെ വിദ്യാഭ്യാസ ഡയറക്ടർ തിരഞ്ഞെടുത്തിരുന്നു. അതു് ഇപ്പോൾ നിർത്തൽചെയ്തു.)

(എഫ്) തിരഞ്ഞെടുക്കപ്പെട്ടവരുടെ ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ജി) സീറ്റുകൾ ഒന്നും നഷ്ടപ്പെടേണ്ടതായി വന്നിട്ടില്ല. എല്ലാറ്റിലും ആളുകൾ ഉണ്ടെന്നാണു് അറിവു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളോട് കച്ചീട്ട് എഴുതി വാങ്ങിക്കാറുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഉണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിൽ അച്ഛന്റെ പേരു് എഴുതാറുണ്ടോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ഉണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പിന്നെ എന്തുകൊണ്ടാണ് അച്ഛന്റെ പേർ നിശ്ചയമില്ലെന്നു പറഞ്ഞിരിക്കുന്നതു്?

Rao Sahib C. J. Mathew *(Secretary to Governmnt):* It is not always the father's name that is mentioned here. Sometimes, the Karanavans name *i.e.*, tho name of the maternal uncle is mentioned in the case of the applicant belonging to Marumakkathayam families.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അച്ഛന്റെ പേര് എഴുതീട്ടില്ലെ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അതു പറയാമായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതറിയുകയില്ലെന്നു പറഞ്ഞിട്ടുണ്ടല്ലൊ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അവരുടെ അപ്ലിക്കേഷൻ ഒന്നും മടങ്ങിപ്പോയ്ട്ടില്ല. അപ്പോൾ അറിവുള്ളവരുടെ എഴുതാമായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അച്ഛന്റെ പേരു പറയുന്നതിനു ഗവൺമെണ്ടിനു വിഷമം തോന്നുന്നുണ്ടോ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: വിഷമമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തിരഞ്ഞെടുക്കുന്നതു് ഗവൺമെണ്ടുദ്യോഗസ്ഥന്മാരുടെ മക്കളെ മാത്രമെ പാടുള്ളു എന്നുണ്ടോ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അങ്ങിനെയില്ല.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്സ്: മെഡിക്കൽ കോളേജിൽ സീറ്റിനു റെസ്ട്രിക്ഷൻ ഇല്ലേ?

Rao Sahib C. J. Mathew (*Secretary to Government*): I think both in Madras and Calcutta there is no such restriction.

Mr. Jos K. Verghese *(Trichur):* Are you sure?

Rao Sahib C. J. Mathew (*Secretary to Government*): I am sure.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തിരുവനന്തപുരം ഇഞ്ചിനിയറിംഗ് കോളേജിലേക്കു പി. വി. വർഗ്ഗീസ്സ് എന്ന ഒരാളെ എടുത്തിട്ടുണ്ട്. അയാളുടെ കച്ചീട്ടിൽ അച്ഛന്റെ പേരു എഴുതീട്ടില്ലെ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഉണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അച്ഛൻ ആരാണു്?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അതിപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: തിരുവനന്തപുരം, കൽത്ത മുതലായ രാജ്യങ്ങൾ വിദേശമാണെന്നാണൊ ഗവൺമെണ്ടു വിചാരിച്ചിരിക്കുന്നതു്?

റാവുസാഹിബ്ബ് സി. ജെ. മാത്യു: വിദേശമെന്നു പറഞ്ഞാൽ കൊച്ചിരാജ്യത്തിനുപുറമെയുള്ള രാജ്യങ്ങളെന്നേ അർത്ഥമുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ൧൭ പേരെ തിരഞ്ഞെടുത്തതിൽ ഏഴു ബ്രാഹ്മണരെ എടുക്കുവാൻ കാരണമെന്താണു്?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഈ കേസ്സെല്ലാം കഴിഞ്ഞതവണ ആൻസർ ചെയ്തിട്ടുള്ളതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ൧൭ പേരിൽ ൭ ബ്രാഹ്മണരെ എടുത്തിട്ടുണ്ടൊ?

Rao Sahib C. J. Mathew *(Secietary to Government):* There are ever so many considerations in making selections. I submitted all these last week that not only the quèstion of community but the question of merits and so many other things such as the service rendered, whether they are related to people who have been on active service are considered. So probably these Brahmins happen to be selected because they fall under that category.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ബാക്കിയുള്ളവരിൽ മെറിട്ട് കാണാതിരിക്കുവാൻ കാരണമെന്താണു് ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അവരുടെ അപ്ലിക്കേഷൻസെല്ലാം കോളേജിലേക്കു പോയതുകൊണ്ടു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തിരഞ്ഞെടുക്കപ്പെടാത്തവരുടെ മെരിട്ട് ഇവിടെ കാണിക്കാമൊ ?

Rao Sahib C. J. Mathew (*Secretary to Government*): After the selection is made the applications are returned.

Mr. P. A. Muhamed Ashroff (*Cranganur*): And not fixed ?

Rao Sahib C. J. Mathew (*Secretary to Government*): Not fixed.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ന്യൂ ബ്രാഹ്മണരുടെ അച്ഛന്മാരുടെപേർ കാണിച്ചിട്ടുണ്ടൊ ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ചിലരുടെപേരു് അറിയാം. Mr. Sreenivasa Ayyar's son, Mr Ramanatha Ayyar's son.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവർ ഉദ്യോഗസ്ഥന്മാരാണൊ ?

Rao Sahib C. J. Mathew (*Secretary to Government*): I have already mentioned last time that one consideration is whether they are sons of people of approved service under Government. It is a serious consideration.

FOREIGN STUDIES—SELECTION OF CANDIDATES

452. മിസ്റ്റർ കെ. എസ്സ്. പണിക്കർ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) കൊച്ചി ഗവണ്മെണ്ടു് ഏതേതു സാങ്കേതിക വിദ്യാഭ്യാസങ്ങൾക്കാണു് വിദ്യാർത്ഥികളെ വിദേശങ്ങളിലേക്കു് (കൊച്ചിക്കു പുറത്തു്) തിരഞ്ഞെടുത്തയക്കുന്നതു് ;

(ബി) ഏതേതു കോളേജിലേക്കും സർവ്വകലാശാലയിലേക്കുമാണു് തിരഞ്ഞെടുത്തയക്കുന്നതു് ;

(സി) പ്രസ്തുത ഓരോ കോളേജിലും സർവ്വകലാശാലയിലും എത്ര സീറ്റുകൾവീതം കൊച്ചിക്കായി നീക്കിവെച്ചിട്ടുണ്ടു് ;

(ഡി) ഈ ഓരോ കോളേജിലും സർവ്വകലാശാലയിലും ഇൻസ്റ്റിറ്റ്യൂട്ടിലും സാങ്കേതിക വിദ്യാഭ്യാസത്തിനു ഗവണ്മെണ്ടിൽനിന്നു ൧൯൪൫ മുതൽ ൧൯൫൫ കൂടി തിരഞ്ഞെടുത്തയച്ചിട്ടുള്ളതു് ആരെയൊക്കെയാണു് ; (ഓരോ കൊല്ലവും തിരഞ്ഞെടുക്കപ്പെട്ട ഓരോരുത്തരുടേയും വിദ്യാഭ്യാസയോഗ്യത, വിദ്യാഭ്യാസയോഗ്യതക്കു പുറമെ വിശേഷാൽ അർഹത, അച്ഛന്റെറപേരും ഉദ്യോഗവും ജാതി ഇവകൂടി വേർതിരിച്ചു കാണിക്കണം.)

(ഇ) ഏതേതു കൊല്ലങ്ങളിലാണു് ഓരോ സാങ്കേതികവിദ്യാഭ്യാസത്തിനു് ഓരോ കോളേജും ഓരോ സർവ്വകലാശാലയും ഓരോ ഗവണ്മെണ്ടും കൊച്ചിക്കായി സീറ്റുകൾ റിസർവ്വ് ചെയ്തിട്ടുള്ളതു് ?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ:

(എ) (൧) Medicine (വൈദ്യം).
(൨) Engineering (ഇഞ്ചിനീറിങ്ങു്).
(൩) Agriculture (എഗ്രിക്കൾച്ചർ).
(൪) Veterinary studies (മൃഗചികിത്സ വിദ്യാഭ്യാസം).

(൩)-ലും (൪)-ലും സ്ഥിരമായൊ, കോൺടിബ്യൂഷൻ നല്കിയൊ സീറ്റു് റിസർവ്വ് ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ കൊല്ലവും ഈ കൊല്ലവും ഗവണ്മെണ്ടു് തിരഞ്ഞെടുക്കുന്ന കുട്ടികളെ ചേർക്കാമെന്നു ഈ കോളേജുകൾ സമ്മതിച്ചു എന്നുമാത്രമെയുള്ള.

(ബി) വൈദ്യം. മദ്രാസു് (മെഡിക്കൽ കോളേജു്, മദ്രാസു്); കൽക്കട്ട (കാർമിക്കൽ). ഇഞ്ചിനീറിങ്ങു്.—അണ്ണാമല സർവ്വകലാശാല-ഇഞ്ചിനീറിങ്ങു്, മദ്രാസു്, ഗിണ്ടി.
തിരുവിതാങ്കൂർ.—തിരുവനന്തപുരം.
ബെനാറീസു് ഹിന്ദു.—ബെനാറസ്.
അഗ്രിക്കൾച്ചർ.—കോയമ്പത്തൂർ.
മൃഗചികിത്സ.—മദ്രാസു്.

LIBRARY ARCHIVES Kerala Legislative Assembly